പൊഖ്റാനിൽ രണ്ടാം അണുബോംബ്

മൂന്നാംലോക രാജ്യങ്ങളിൽ ആദ്യം ആണവ പരീക്ഷണം നടത്തിയ രാജ്യമെന്ന 1974ലെ പാരമ്പര്യത്തിന്റെ പിന്തുടർച്ചയായി 1998ൽ നടത്തിയ ഇന്ത്യയുടെ രണ്ടാം ആണവ പരീക്ഷണമായ 'പൊഖ്റാൻ-II'ന് 26 വയസ്സ്. മേയ് 11ന് കരസേനയുടെ പൊഖ്റാൻ ടെസ്റ്റ് റേഞ്ചിൽ അഞ്ച് അണുബോംബ് പരീക്ഷണ സ്ഫോടനങ്ങളാണ് നടത്തിയത്.

മാതൃദിനത്തിൽ ലേഖന മത്സരം

നീലേശ്വരം: ലോക മാതൃദിനമായ മേയ് 12ന് കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനലിലെ വെളിച്ചം വായനയിടത്തിൽ എന്റെ അമ്മ എന്നപേരിൽ വിദ്യാർഥികൾക്ക് ലേഖന മത്സരം നടത്തുന്നു. നിങ്ങളുടെ അമ്മയെ കുറിച്ച് 100 വാക്കിൽ കവിയാതെ എഴുതിനൽകുക.

തിരഞ്ഞെടുക്കുന്ന മികച്ച കുറിപ്പിൽനിന്ന് രണ്ട് അമ്മമാരെ വെളിച്ചം വായനയിടത്തിൽ ആദരിക്കും.

മേയ് 11വരെ കോട്ടപ്പുറം വെളിച്ചത്തിൽ വെച്ചിരിക്കുന്ന എഴുത്തുപെട്ടിയിൽ നിങ്ങളുടെ എഴുത്തുകൾ നിക്ഷേപിക്കാം.

ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ളവർക്ക് മത്സരത്തിൽ പങ്കെടുക്കാം. 12ന് വൈകീട്ട് അഞ്ചിന് ടെർമിനലിൽ നടത്തുന്ന പരിപാടിയിൽ വിജയികളെ അനുമോദിക്കും.

പേര്, ക്ലാസ്, ഫോൺ നമ്പർ എന്നിവ വ്യക്തമായി എഴുതി നിങ്ങളുടെ കുറിപ്പുകൾ നൽകണമെന്ന് മുഖ്യ സംഘാടക ഫറീന കോട്ടപ്പുറം അറിയിച്ചു.

വിലാസം: വെളിച്ചം വായനയിടം, ഹൗസ് ബോട്ട് ടെർമിനൽ, കോട്ടപ്പുറം.

ഓവുചാലിൽ പ്ലാസ്റ്റിക് മാലിന്യം; ഭീഷണിയിൽ പ്രദേശവാസികൾ

മൊഗ്രാൽ: ഒരുഭാഗത്ത് അശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പിഴ ചുമത്തൽ, മറുഭാഗത്ത് അരിച്ചുപെറുക്കി ഹരിതകർമസേന മാലിന്യം ശേഖരിക്കൽ. എട്ടിട്ടും മൊഗ്രാൽ കെ.കെ പുറത്ത് പ്ലാസ്റ്റിക് മാലിന്യം ഓവുചാലിലേക്ക്.

ദുർഗന്ധത്തിലും പകർച്ചവ്യാധി ഭീഷണിയിലുമാണ് പ്രദേശവാസികൾ. ഹരിത കർമസേന പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നുണ്ട്. ഇതും പോരാഞ്ഞ് കുമ്പള ഗ്രാമപഞ്ചായത്ത് മുക്കിനും മൂലയിലും മാലിന്യനിക്ഷേപത്തിന് എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ, ഇതൊന്നും തങ്ങൾക്ക് ബാധകമല്ലെന്നമട്ടിൽ മൊഗ്രാൽ കെ.കെ പുറം റോഡിൽ കണ്ടത്തിൽ പള്ളിക്ക് സമീപത്തെ ഓവുചാലിലേക്ക് വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിയുന്നത് നിത്യസംഭവമാവുകയാണ്.

മൊഗ്രാൽ ദേശീയപാതയിൽ ഷാഫി മസ്ജിദിനടുത്തുള്ള കലുങ്കിൽനിന്ന് മഴക്കാലത്ത് പുഴയിലേക്ക് വെള്ളം ഒഴുകിപ്പോകുന്ന പ്രധാന ഓവുചാലാണിത്. ഇത് മാലിന്യത്താൽ മൂടപ്പെട്ടാൽ പ്രദേശം വലിയ വെള്ളപ്പൊക്കത്തിനും രോഗവ്യാപനത്തിനും സാക്ഷ്യം വഹിക്കേണ്ടിവരുമെന്ന് പ്രദേശവാസികൾ പറയുന്നു. മഴക്കാല മുന്നൊരുക്ക ശുചീകരണമൊന്നും ഇവിടെ നടന്നിട്ടുമില്ല. നേരത്തേ ഓവുചാലിലേക്ക് മാലിന്യം വലിച്ചെറിയുന്നതിൽ സഹികെട്ട കെ.കെ പുറം പ്രിയദർശിനി ക്ലബ് പ്രവർത്തകർ ഇവിടെ മാലിന്യം നിക്ഷേപിക്കരുതെന്നും നിങ്ങൾ സി.സി.ടി.വി നിരീക്ഷണത്തിലാണെന്നും കാണിച്ച് ബോർഡ് സ്ഥാപിച്ചിരുന്നു.

എന്നാൽ, ഈ ബോർഡ് പിഴുതെറിഞ്ഞാണ് മാലിന്യം വലിച്ചെറിയൽ തുടരുന്നത്. വീടുകളിൽനിന്നും വ്യാപാരസ്ഥാപനങ്ങളിൽനിന്നും ഹരിത കർമസേന മാലിന്യം ശേഖരിക്കുന്നതിനിടയിലാണ് മാലിന്യം അലക്ഷ്യമായി ഇവിടെ വലിച്ചെറിയുന്നത്. പ്ലാസ്റ്റിക് മാലിന്യം വീട്ടുകാർക്ക് എളുപ്പത്തിൽ ശേഖരിച്ചുവെക്കുന്നതിന് വേണ്ടിയാണ് വിവിധ ഭാഗങ്ങളിൽ കുമ്പള ഗ്രാമപഞ്ചായത്ത് എം.സി.എഫുകൾ സ്ഥാപിച്ചിരിക്കുന്നത്.

ജില്ലയിൽ പ്ലാസ്റ്റിക് മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിനും കത്തിക്കുന്നതിനും സ്ഥാപനങ്ങളും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാത്തതിനുമെതിരെ വലിയ പിഴകളാണ് ഇതിനകം ജില്ല എൻഫോഴ്സ്മെന്റ് സ്ക്വാഡ് ചുമത്തിക്കൊണ്ടിരിക്കുന്നത്. കൃത്യമായി മാലിന്യസംസ്കരണം നടക്കാത്ത വീടുകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ആരോഗ്യവകുപ്പ് കണ്ടെത്തി തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് കൈമാറണമെന്ന് സർക്കാർ നിർദേശമുണ്ട്. തെറ്റായരീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ തദ്ദേശസ്വയംഭരണതലത്തിലെ വിജിലൻസ് സ് ക്വാഡിന്റെ നേതൃത്വത്തിൽ നിയമനടപടി സ്വീകരിക്കണമെന്ന നിർദേശവും പാലിക്കപ്പെടാത്തത് മാലിന്യം വലിച്ചെറിയുന്നതിന് കാരണമാകുന്നുവെന്നും ക്ലബ് പ്രവർത്തകർ പറയുന്നു. മഴക്കാലം പടിവാതിക്കലെത്തിനിൽക്കുമ്പോൾ മഴക്കാലപൂർവ ശുചീകരണപ്രവർത്തനങ്ങൾ കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പുവരുത്തണമെന്ന് പ്രിയദർശിനി ക്ലബ് ആവശ്യപ്പെട്ടു.

ഇപ്രാവശ്യം മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്ക് വാർഡുതോറും 30,000 രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ശുചിത്വ മിഷൻ 10,000, ദേശീയ ആരോഗ്യ മിഷൻ 10,000, പഞ്ചായത്ത് തനത് ഫണ്ട് 10,000 എന്നിങ്ങനെയാണ് സർക്കാർ ഫണ്ട് ലഭ്യമാക്കിയിരിക്കുന്നത്. ഇത് ഉപയോഗപ്പെടുത്തണമെന്നും ക്ലബ് ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയം, മാലിന്യനിക്ഷേപത്തിനെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കാത്തപക്ഷം ജില്ല എൻഫോഴ് സ്മെന്റ് സ്ക്വാഡിനെ സമീപിക്കാ

മൊഗ്രാൽ കെ.കെ പുറം റോഡിൽ കണ്ടത്തിൽ പള്ളിക്ക് സമീപമുള്ള ഓവുചാലിലേക്ക് പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിഞ്ഞ നിലയിൽ

പിലിക്കോട് സി. കൃഷ്ണൻ നായർ സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിൽനിന്ന് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയവർ

ധരുണിക, ദേവവ്രത



കേദാരവ്, എം.കെ. ജാസ്മിന

ദേവപ്രിയ, പി.പി. ആയുഷ്

എ. ഹരിനന്ദ്, ഗൗരി പാർവതി

വി. അശ്വിൻ, അഥിക് ബാബു

ഗൗരീശങ്കർ,എം.എസ്. ഗൗതം

പി. ആര്യനന്ദ, അർജുൻരാജ്

ദിയ പ്രദീപ്, എ.ജി. ഫാത്തിമ

അപർണ, പി. അഞ്ജന

ദിയാനന്ദ, ഫാത്തിമത്ത് ഷഹാന

പി. അനയ, അനന്യ ലതീഷ്

എം.ടി. ദിയ, ദിൽഷ വിജേഷ്

അനാമിക എസ്, കെ. അനഘ

ദേവി ദുർഗ, കെ. ദിയ

പി. അനഘ, അമേയ

അലീന ലിൻസൺ, അദ്വൈത്

ആദർശ്, കെ.എം. അഭിഷേക്

കെ. അഭിരാം, അഭിനവ് ചന്ദ്രൻ

എ.കെ. അഭിനവ്, അബ്ദുൽ റഹീം

എൻ. ലാവണ്യ, കെ.പി. കൃഷ്ണ

കെ. അഭിനന്ദ്, സഞ്ജയ് ബാബു

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവര വസ്തു വിൽപ്പന നോട്ടീസ്.
വായ്പ്പക്കാർ: **(1) ശ്രീ. നൗഷാദ് എം.ഡി** 229/1, ബെവിഞ്ഞെ, തെക്കിൽ ഫെറി, ചെങ്കള പി.ഒ., കാസർകോട്-671541. & ജാമ്യക്കാരിയായ **(2) ശ്രീമതി ആയിഷ സി.എച്ച്.** 229/1, ബെവിഞ്ഞെ, തെക്കിൽ ഫെറി, ചെങ്കള പി.ഒ., കാസർകോട്-671541.
താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ കാസർഗോഡ് ബ്രാഞ്ചിൽ** ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് കാസർഗോഡ് ബ്രാഞ്ചിന് മുകളിൽ പറഞ്ഞ വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 08.05.2024ന് കിട്ടുവാനുള്ള തുകയായ **3,22,31,440.92 (മൂന്ന് കോടി ഇരുപത്തിരണ്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാനൂറ്റിനാൽപ്പത് രൂപ തൊണ്ണൂറ്റിരണ്ട് പൈസ മാത്രം)** തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **25.06.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

വസ്തു ഉടമയുടെ പേര്: നൗഷാദ് എം ഡി, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ മുളിയാർ വില്ലേജിൽ സർവ്വെ നം. 19/2എ6 ഏകദേശം 419 സ്ക്വയർമീറ്റർ വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ ബിൽഡിംഗ് അടക്കം നൗഷാദ് എം ഡിയുടെ ഉടമസ്ഥതയിൽ കാസർഗോഡ് എസ്.ആർ.ഒ യിൽ 12.5.2016ന് രജിസ്റ്റർ ചെയ്ത 2065/2016 വിൽപ്പന ആധാരപ്രകാരം പൂരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ നിർമ്മാണങ്ങളും, മെച്ചപ്പെടുത്തലുകളും എല്ലാ വിധ അവകാശങ്ങളും അനുമതികളുമടക്കം 45.73 ആർസ് (41.68 ആർസ് + 4.05 ആർസ്) അതായത് 113 സെന്റ് സ്ഥലം. **അതിർത്തികൾ:** വടക്ക്: അബ്ദുൾ ഖാദറിന്റെ സ്ഥലം, തെക്ക്: ഹമീദിന്റെ സ്ഥലം, കിഴക്ക്: മാധവ ഭട്ടിന്റെ സ്ഥലം, പടിഞ്ഞാറ്: റോഡ്.

കരുതൽ വില: 1,62,49,600 (ഒരു കോടി അറുപത്തിരണ്ട് ലക്ഷത്തി നാൽപ്പത്താറായിരത്തി അറുനൂറ് രൂപ മാത്രം)	
നിരതദ്രവ്യം (EMD): 16,24,960.00 (പതിനാറ് ലക്ഷത്തി ഇരുപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) (EMD) 24.06.2024 നൊ അതിനുമുമ്പോ വൈകു. 5 മണി വരെ നിക്ഷേപിക്കാവുന്നതാണ്	
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**	
ഇ-ലേലത്തിന്റെ തിയതിയും സമയവും: **25.06.2024.ന് രാവിലെ 11 മുതൽ 12 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.	
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: 01.01.2016 മുതൽ 07.05.2024 വരെ ബാധ്യതകൾ ഇല്ല.	

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂരഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. **www. southindianbank.com** വിശദാംശങ്ങൾ **https://bankauctions.in** ലും ലഭ്യമാണ്. കൂടുതൽ വ്യക്തതക്കായി വസ്തുവിന്റെ പരിശോധന, ഇ-ലേലത്തിൽ അല്ലെങ്കിൽ സമർപ്പിക്കലിന്റെ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് ബിഡുകൾക്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡുമായി **6282084874**ൽ ബന്ധപ്പെടുക.
കണ്ണൂർ 9.05.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

മഴ എത്തും മുമ്പേ...

തൃക്കരിപ്പൂർ: മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു. ഭരണസമിതി അംഗങ്ങൾ, സി.ഡി.എസ് അംഗങ്ങൾ, എ.ഡി.എസ് അംഗങ്ങൾ, ആരോഗ്യപ്രവർത്തകർ, രാഷ്ട്രീയപാർട്ടി യുവജനവിഭാഗം, ആശാവർക്കർമാർ, തൊഴിലുറപ്പ് മേറ്റുമാർ, ഹരിതകർമസേന അംഗങ്ങൾ, അംഗൻവാടി ജീവനക്കാർ, എൻ.എസ്.എസ് വളന്റിയർമാർ, വ്യാപാരികൾ തുടങ്ങിയവരുടെ യോഗംചേർന്നാണ് പരിപാടികൾ ആവിഷ്കരിച്ചത്. സി.എച്ച്. മുഹമ്മദ് കോയ ടൗൺ ഹാളിൽ നടന്ന യോഗത്തിൽ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശംസുദ്ദീൻ ആയിറ്റി അധ്യക്ഷത വഹിച്ചു. ശനിയാഴ്ച 373 അയൽക്കൂട്ടങ്ങൾ 9000 വീടുകളിൽ ഒരേദിവസം വീടും പരിസരവും ശുചീകരിക്കും. അന്നുതന്നെ പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങൾ ശുചീകരിക്കും. 12ന് വാർഡ്തല ശുചീകരണം നടത്തും. 14ന് തൃക്കരിപ്പൂർ ടൗണും ശുചീകരിക്കും. അന്നുതന്നെ തോടുകളും പുഴയോരങ്ങളും ശുചീകരിക്കും. പഞ്ചായത്ത് പ്രസിഡന്റ് വി.കെ. ബാവ ഉദ്ഘാടനം ചെയ്തു.

ടേസ്റ്റി കാർണിവലിന് തുടക്കം

ഉദുമ: വേനലവധിക്കാലം ആഘോഷമാക്കാൻ വരുന്ന സഞ്ചാരികൾക്ക് നാവിൽ കൊതിയൂറും ഭക്ഷണവിഭവങ്ങളുടെ ടേസ്റ്റി കാർണിവൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറും ബി.ആർ.ഡി.സി ബോർഡ് അംഗവുമായ കെ. മണികണ്ഠൻ ഉദ്ഘാടനം ചെയ്തു. മലബാറിന്റെ തനത് രുചിഭേദങ്ങളുടെ വിവിധ സ്റ്റാളുകൾ പാർക്കിൽ ഒരുക്കിയിട്ടുണ്ട്. വൈകീട്ട് നാലു മുതൽ 11വരെ പ്രവർത്തിക്കുന്ന നാടൻ, ഇന്ത്യൻ, ചൈനീസ് തുടങ്ങി വ്യത്യസ്ത വിഭവങ്ങളുടെ ടേസ്റ്റി കാർണിവൽ ജൂൺ രണ്ടു വരെ ഉണ്ടായിരിക്കുന്നതാണെന്ന് സംഘാടകർ അറിയിച്ചു.

അധ്യാപക പരിശീലനം 14ന്

ചെറുവത്തൂർ: അധ്യാപകർക്കുള്ള അവധിക്കാല പരിശീലനം 14ന് തുടങ്ങും. പ്രാഥമികതലത്തിൽ പരിശീലനം നൽകുന്നതിനായുള്ള ജില്ലതല അധ്യാപക പരിശീലനം വെള്ളിയാഴ്ച സമാപിച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി കഴിഞ്ഞ അഞ്ചുദിവസമായി നടന്ന അധ്യാപക പരിശീലനമാണ് വെള്ളിയാഴ്ച സമാപിച്ചത്.

റെയിൽവേ സ്റ്റേഷൻ കൗണ്ടറിൽ ഉദ്യോഗസ്ഥനെ മർദിക്കാൻ ശ്രമം

കാഞ്ഞങ്ങാട്: റെയിൽവേ സ്റ്റേഷൻ കൗണ്ടറിൽ ഉദ്യോഗസ്ഥനെ മർദിക്കാൻ ശ്രമമെന്ന് പരാതി. ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷനിലാണ് സംഭവം. ടിക്കറ്റ് കൗണ്ടറിൽ ജോലി ചെയ്യുകയായിരുന്ന രാജസ്ഥാൻ സ്വദേശി മുകേഷ്കുമാറിനെ (30) ചീത്ത വിളിച്ച് കൈയേറ്റം ചെയ്യാൻ ശ്രമിച്ചെന്നാണ് പരാതി. ചെന്നൈ പെരിയാർ നഗറിലെ വി. ശരവണനെതിരെ (39) ബേക്കൽ പൊലീസ് കേസെടുത്തു.

ചട്ടഞ്ചാൽ ഹയർ സെക്കൻഡറി സ്കൂളിന് ഇരട്ടിമധുരം

ചട്ടഞ്ചാൽ: എസ്.എസ്.എൽ.സി വിജയത്തിൽ ചട്ടഞ്ചാൽ ഹയർ സെക്കൻഡറി സ്കൂളിന് ഇരട്ടി മധുരം. ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷയെഴുതി നൂറുശതമാനം വിജയം കൈവരിച്ച് ജില്ലയിൽ ഒന്നാമതായി.

കഴിഞ്ഞവർഷം ഒരു കുട്ടിയുടെ പരാജയത്തിലും അതിന് മുമ്പത്തെ വർഷം രണ്ടു കുട്ടികളുടെ പരാജയത്തിലും നൂറുമേനി നഷ്ടപ്പെട്ട ചട്ടഞ്ചാൽ എച്ച്. എസ്. എസ് ഇപ്രാവശ്യം 563 കുട്ടികൾ പരീക്ഷ എഴുതി മൊത്തം കുട്ടികളെയും വിജയിപ്പിച്ച് നൂറുമേനി കൈയെത്തിപ്പിടിച്ചിരിക്കുകയാണ്. ഇതോടെ ചട്ടഞ്ചാൽ സ്കൂളിന്റെ സ്ഥാപകമാനേജർ

പരേതനായ ടി.കെ. അബ്ദുൽ ഖാദർ ഹാജിയുടെ സ്വപ്നമാണ് യാഥാർഥ്യമായത്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ താൽപര്യവും ദീർഘവീക്ഷണവുമണ് എന്നും സ്കൂളിന് പ്രചോദനം.

കഴിഞ്ഞ ആറു വർഷത്തിലേറെയായി ജില്ലയിൽ ഏറ്റവും കൂടുതൽ എ പ്ലസ് നേടുന്ന വിദ്യാലയം ഇപ്രാവശ്യവും അത് നിലനിർത്തി.

പാഠ്യപ്രവർത്തനത്തിന് പുറമേ പാഠ്യേതര പ്രവർത്തനങ്ങൾക്കും ചട്ടഞ്ചാൽ ഹയർ സെക്കൻഡറി സ്കൂൾ ഊന്നൽ നൽകുന്നു. സബ്ജില്ല കലോത്സവത്തിലടക്കം ചാമ്പ്യന്മാരാണ് ഈ സ്കൂൾ.

കായികമത്സരത്തിലും ഒട്ടും പിന്നിലല്ല. ക്വിസ് മത്സരത്തിലൂടെയും ഇൻസ്പയർ അവാർഡ് നേട്ടത്തിലൂടെയും ഈ സ്കൂളിന്റെ പേര് ദേശീയതലത്തിൽ തന്നെ അറിയപ്പെട്ടിരുന്നു.

ചരിത്ര നേട്ടത്തിന് കാരണക്കാരായ വിജയികൾക്ക് മാനേജ്മെന്റ് പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, എച്ച്.എം, സ്റ്റാഫ് എന്നിവർ ആശംസകളറിയിച്ചു.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, റീജണൽ ഓഫീസ് കോഴിക്കോട്
കെഎസ്എഫ്ബി കോംപ്ലക്സ്, വികാസ് നഗർ, ചക്കോരത്തുകുളം, കോഴിക്കോട് -673 006, ഫോൺ: 0495-2772300-322, ഇ മെയിൽ :rh.kozhikode@unionbankofindia.bank

വസ്തു ലേല വിൽപ്പന നോട്ടീസ് (റൂൾ – 8 (6)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) പ്രകാരവും വായ്പ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവര വസ്തു വിൽപ്പന നോട്ടീസ്.
താഴെ പറയുന്ന വസ്തുവഹകൾ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ (സെക്യോർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, റീജണൽ ഓഫീസ് കോഴിക്കോട് (സെക്യോർഡ് ക്രെഡിറ്റർ)ന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ താഴെ പറയുന്ന ബ്രാഞ്ചിന് (സെക്യോർഡ് ക്രെഡിറ്റർ) താഴെ പറയുന്ന വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും താഴെ പറയുന്ന തിയ്യതികളിൽ ഈടാക്കുവാനുള്ള തുക തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തിയ്യതിയിൽ താഴെ പറയുന്ന സ്ഥലത്ത് വെച്ച് വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കരുതൽവിലയും നിരതദ്രവ്യവും താഴെ കൊടുത്തിരിക്കുന്നു.

1. ബ്രാഞ്ച്: ഇരിട്ടി താഹി കോംപ്ലക്സ്, പയഞ്ചേരിമുക്ക്, ഇരിട്ടി, കണ്ണൂർ-670703, **കടം വാങ്ങുന്നവരുടെ/കൂട്ടുവായ്പ്പക്കാരുടെ/ജാമ്യക്കാരുടെ പേര്:** 1) ശ്രീ. ഷിന്റോ എം ജോസഫ്, പ്രൊപ്രൈറ്റർ M/s യൂണിറ്റി സെറാമിക്സ്, ഇരിട്ടി പാലത്തിന് സമീപം, ഇരിക്കൂർ റോഡ്, ഇരിട്ടി, കണ്ണൂർ-670703, 2) ശ്രീമതി ആൻസി പി മാത്യു എന്ന ആൻസി ഷിന്റോ, W/o ഷിന്റോ എം ജോസഫ്, മടപത്തിൽ ഹൗസ്, അറബി പോസ്റ്റ്, ഉളിക്കൽ-670705. **ഡിമാന്റ് നോട്ടീസ് തിയ്യതി:** 20.05.2022, **കൈവശമെടുത്ത തിയ്യതി:** 02.12.2022. **അടയ്ക്കേണ്ട തുക:** 31.12.2023-ന് 40,93,851.33 (നാൽപ്പത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എണ്ണൂറ്റി അമ്പത്തിയൊന്ന് രൂപ മുപ്പത്തിമൂന്ന് പൈസ മാത്രം) കൂടാതെ പലിശയും മറ്റ് ചിലവുകളും സഹിതം. **സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ:** കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ (ഇപ്പോൾ ഇരിട്ടി) പെരുമ്പറമ്പ് ദേശം, പായം വില്ലേജിലെ റീസർവ്വെ നമ്പർ.11/3(പഴയ സർവ്വെ നമ്പർ.12,28/1) ശ്രീ.മടപ്പത്തിൽ ഷിന്റോയുടെ ഉടമസ്ഥതയിൽ വാണിജ്യ ബിൽഡിംഗ് അടക്കം 0.0162 ഹെക്ടർ (4 സെന്റ്) സ്ഥലം. **അതിർത്തികൾ:** വടക്ക്: ഇരിട്ടി-ഇരിക്കൂർ റോഡ്, തെക്ക്: പുഴ, കിഴക്ക്: സക്കറിയ മുതൽവീട് കൈവശം സ്ഥലം, പടിഞ്ഞാറ്: കൃഷ്ണൻ കൈവശം സ്ഥലം.

കരുതൽ വില: 52,80,000 (അമ്പത്തിരണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം).	**നിരതദ്രവ്യം: 5,28,000 (അഞ്ച് ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ മാത്രം)**

**2) ബ്രാഞ്ച്: മട്